**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1553** **11-09-2023 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര ലേബർ കോൺക്ലേവ് നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023 മെയ് മാസം നടന്ന അന്താരാഷ്ട്ര ലേബർ കോൺക്ലേവിൽ വ്യവസായ-തൊഴിലാളി സംഘടനകളും പ്രതിനിധികളും അക്കാദമിക് വിദഗ്ദ്ധരും തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നിർദേശങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | അന്താരാഷ്ട്ര ലേബർ കോൺക്ലേവുമായി ബന്ധപ്പെട്ട് വിവിധ സെഷനുകളിലായാണ് ചർച്ചകളും പേപ്പർ പ്രസന്റേഷനുകളും നടന്നത്. പ്രസ്തുത സെഷനുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>Rights, legislation and social protection<br><br>Skilling and future forms of work<br><br>Internal migration and migrant workers rights<br><br>Care workers, scheme workers and domestic workers<br><br>Traditional industries: Problems of transition<br><br>Gig and platform workers welfare<br><br>Labour Statistics in India<br><br>മേൽ സെഷനുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള ചർച്ചകളുടെയും പേപ്പറുകളുടെയും അടിസ്ഥാനത്തിൽ ഒരു കരട് റിപ്പോർട്ട് കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ തയ്യാറാക്കി വരുന്നുണ്ട്. |
| (ബി) | വകുപ്പിന്റെ ചുമതലയിൽ ഒരേ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുന്നതിന്, അതിലുണ്ടായ നിർദ്ദേശത്തെത്തുടർന്ന് സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ പുരോഗതിയും വിശദമാക്കാമോ? | (ബി) | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് 29/6/2020 ലെ സ.ഉ (കൈ) നം.35/2020/തൊഴിൽ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരള കൈത്തറി ക്ഷേമനിധി ബോർഡ് ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡുമായും, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡുമായും, കേരള ചെറുകിട തോട്ടം തൊഴിലാളി |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമ ബോർഡ് എന്നിവ ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബോർഡ് അമാൽഗമേഷനിൽ സമർപ്പിക്കുവാനുള്ള സംയോജിത കരട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ